**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2285** **21-01-2021 - ൽ മറുപടിയ്ക്ക്**

**കാരുണ്യ ആരോഗ്യ സുരക്ഷ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. സി . ജോസഫ് ,<br>ശ്രീമതി ഷാനിമോൾ ഉസ്മാൻ ,<br>ശ്രീ. എ . പി . അനിൽ കുമാർ ,<br>ശ്രീ. വി .എസ്. ശിവകുമാർ | | Dr. T. M. Thomas Isaac<br>(ധനകാര്യവും കയറും വകുപ്പുമന്ത്രി) | |
| (എ) | മുൻ സർക്കാരിന്റെ കാലത്ത് നിരാലംബരായ രോഗികൾക്ക് ഏറ്റവും ഗുണകരമായ രീതിയിൽ നടത്തിയിരുന്ന കാരുണ്യ ബെനവലന്റ് ഫണ്ട്, കാരുണ്യാ ആരോഗ്യ സുരക്ഷാപദ്ധതിയായി മാറ്റിയത് മൂലമുണ്ടായ ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | (എ) | കാരുണ്യ ബെനവലന്റ് ഫണ്ട് പദ്ധതി കാരുണ്യാ ആരോഗ്യ സുരക്ഷാ പദ്ധതിയുമായി ലയിപ്പിച്ച് വിപുലീകരിക്കു കയാണ് ചെയ്തിട്ടുള്ളത്. മുമ്പ് കാരുണ്യ ബെനവലന്റ് ഫണ്ട് പദ്ധതിയിൽ 365 പാക്കേജുകളിലായി 100 ൽ താഴെ സ്വകാര്യ ആശുപത്രികളിൽ നിന്നു മാത്രമാണ് ചികിത്സ ലഭ്യമായിരുന്നത്. എന്നാൽ കാസ്പിലേക്ക് കെ ബി എഫ് ലയിപ്പിച്ചപ്പോൾ 186 സർക്കാർ ആശുപത്രികളിൽ നിന്നും 5 കേന്ദ്ര സർക്കാർ ആശുപത്രികളിൽ നിന്നും 370 സ്വകാര്യ ആശുപത്രികളിൽ നിന്നും 1667 പാക്കേജുക ളിലായി നിലവിൽ സൗജന്യ ചികിത്സ ലഭ്യമാണ്. മുമ്പ് അപേക്ഷ നൽകാൻ ലോട്ടറി ഡിപ്പാർട്ട്മെന്റ് ജില്ലാ ഓഫീസുകളിൽ നേരിട്ട് ഹാജരായി പേപ്പർ മുഖാന്തിരമാണ് അപേക്ഷ നടപടികൾ പൂർത്തീകരിച്ചിരുന്നത്. എന്നാൽ ഇപ്പോൾ 561 ആശുപത്രികളിലെ കിയോസ്ക കളിൽ വെബ് ബേസ്ഡ് പ്ലാറ്റ് ഫോമിലൂടെ പേപ്പർ രഹിതമായി അംഗത്വം നൽകുന്നതും ചികിത്സ നടപടികളും ലഭിക്കുന്നതാണ്. |
| (ബി) | കാരുണ്യ, കാരുണ്യ പ്ലസ് എന്നീ ലോട്ടറികളിൽ നിന്ന് ഈ സർക്കാരിന്റെ കാലത്ത് ഇതിനകം എന്ത് തുകയാണ് ലാഭമായി ലഭിച്ചത്; അതിൽ എത്ര തുക ഇതിനകം കാരുണ്യ ചികിത്സയുടെ ചെലവിനത്തിൽ നൽകി; വ്യക്തമാക്കാമോ? | (ബി) | ഈ സർക്കാരിന്റെ കാലത്ത് കാരുണ്യ, കാരുണ്യ പ്ലസ് എന്നീ ഭാഗ്യക്കുറികളുടെ വിൽപ്പനയിലൂടെ ലഭിച്ച ഏകദേശ ലാഭം സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. വർഷം കാരുണ്യ ഭാഗ്യക്കുറി അറ്റാദായം (Rs. in crores) (Approximate) കാരുണ്യ പ്ലസ് ഭാഗ്യക്കുറി അറ്റാദായം (Rs. in crores) (Approximate) 2016-17 192.77 177.49 2017-18 207.97 204.02 2018-19 205.72 204.96 2019-20 225.62 207.00 2020-21 (Up to 16/01/2021) 30.79 താൽക്കാലിക മായി നിർത്തി വച്ചിരിക്കുന്നു. ആകെ 862.87 793.47 ഈ സർക്കാർ |

| | | | |
|---|---|---|---|
| | | | അധികാരത്തിൽ വന്നതിന് ശേഷം ഓരോ സാമ്പത്തിക വർഷവും കാരുണ്യ ചികിത്സ ധനസഹായ പദ്ധതി യുടെ ചെലവിലേക്കായി കാരുണ്യ ബെനവലന്റ് ഫണ്ടിന് നൽകിയ തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. വർഷം ചികിത്സാ ചെലവിലേ ക്കായി നൽകിയ തുക (കോടിയിൽ) 2016-17 250.00 2017-18 261.32 2018-19 194.98 2019-20 229.00 2020-21 144.09 ആകെ 1079.39 2020-21 സാമ്പത്തിക വർഷം അനുവദിച്ച 144.09 കോടി രൂപയിൽ സ്റ്റേറ്റ് ഹെൽത്ത് ഏജൻസി മുഖാന്തിരം നടപ്പാക്കുന്ന കാരുണ്യ ബെനവലന്റ് പദ്ധതിക്കായി 29.6075 കോടി രൂപയും ഉൾപ്പെട്ടിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിക്കായി അനുവദിച്ച തുകയുടെ വിശദാംശം ചുവടെ ചേർക്കുന്നു. വർഷം ചികിത്സാ ചെലവിലേ ക്കായി നൽകിയ തുക (കോടിയിൽ) 2019-2020 498.0828കോടി 2020-2021 310.0674 കോടി ഇങ്ങനെ കാരുണ്യ ചികിത്സാ സഹായ പദ്ധതി, കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി എന്നിവയ്ക്കായി 1887.5 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ